# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ -534 02.07.2019-ലെ മറുപടി**

## ജലസേചന പദ്ധതികൾക്ക് വിതരണ ശൃംഖല

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി യു. പ്രതിഭ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br><br>ശ്രീ .വി. ജോയി<br>ശ്രീ.എ. പ്രദീപ്കുമാർ** | | **കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിൽ പണി പൂർത്തീകരിച്ചിട്ടുള്ളതും പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നതുമായ ജലസേചന പദ്ധതികൾക്ക് വിതരണ ശൃംഖല സ്ഥാപിച്ച് പദ്ധതികളുടെ പ്രയോജനം പൂർണ്ണമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | നിലവിൽ ഉത്പാദന ഘടകങ്ങളുടെ പണി പൂർത്തിയായതും മറ്റ് ഘടകങ്ങളുടെ പണികൾ പൂർത്തീകരിച്ചതോ പുരോഗമിച്ചു വരുന്നതോ ആയ പ്രവൃത്തികളുടെ വിതരണ ശൃംഖല സ്ഥാപിച്ച് പദ്ധതികളുടെ പ്രയോജനം പൂർണ്ണമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് 2016 മുതൽ നാളിതുവരെ സ്റ്റേറ്റ് പ്ലാൻ, നബാർഡ്, കിഫ്ബി, അമൃത് എന്നിവ മുഖേന 3588.62 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇവയിൽ വിതരണ ശൃംഖലകൾ മാത്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ, വിതരണശൃംഖലകൾ കൂടി ഉൾപ്പെടുത്തിയിട്ടുള്ള വൻകിട പദ്ധതികൾ, കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഫ്ലൂറൈഡ് ബാധിത പ്രദേശങ്ങളിലേക്ക് വിതരണശൃംഖല സ്ഥാപിച്ചു നീതി ആയോഗിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി 18.99 കോടി രൂപയുടെയും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ 84813 പേർക്ക് പ്രതിദിനം ആളോഹരി 100 ലിറ്റർ നിരക്കിൽ കുടിവെള്ളം ലഭ്യമാകുന്ന വിധത്തിലാണ് അഗളി, പുതൂർ, ഷോളയാർ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടിയുള്ള നബാർഡ് ധനസഹായത്തിൽ നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ട പ്രവൃത്തികൾ 20/05/2020 ഓട്ടു കൂടി ഇത് പൂർത്തീകരിക്കുന്നതാണ്. ഇതിന്റെ വിതരണശൃംഖലയ്ക്കായി ഫണ്ട് കണ്ടെത്തേണ്ടതുണ്ട്. കൂടാതെ ഉത്പാദന ഘടകങ്ങൾ പൂർത്തിയായ ജലവിതരണ പദ്ധതികൾക്ക് വിതരണ ശൃംഖല സ്ഥാപിച്ച് പദ്ധതികളുടെ പ്രയോജനം പൂർണ്ണമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള വാട്ടർ അതോറിറ്റി അഞ്ച് വർഷത്തെ ഒരു ഇൻവെസ്റ്റ്മെൻറ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട് . ഈ വിഭാഗത്തിൽപ്പെട്ട 128 പദ്ധതികൾക്ക് വിതരണ ശൃംഖലകൾ സ്ഥാപിക്കുന്നതിനായി 11340 കോടി രൂപയുടെ പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട് .ഈ പ്രവൃത്തികളുടെ വിശദമായ എൻജിനീയറിങ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.ഇതിൽ 18 പദ്ധതികളുടെ |

<table>
<tr><td></td><td></td><td></td><td>വിശദമായ എൻജിനീയറിങ് റിപ്പോർട്ട് തയ്യാറാക്കി ആർ.കെ.ഐ യുടെ സാമ്പത്തിക അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി വിശദമായ സർവ്വെ നടത്തി വിതരണ ശൃംഖല കൾക്കായുള്ള എഞ്ചിനീയറിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;</td><td>(ബി)</td><td>മേൽപ്പറഞ്ഞ 128 പദ്ധതികളുടെയും വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് ആവശ്യമായ സർവ്വേയും പഠനങ്ങളും നടത്തി പുതുക്കിയ മാനദണ്ഡം പ്രകാരം വിശദമായ എൻജിനീയറിങ് റിപ്പോർട്ട് (ഡി.ഇ.ആർ.) തയ്യാറാക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് അനുസരിച്ചുള്ള പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ഈ ഡി.ഇ.ആർ. തയ്യാറാക്കുന്നതിനുള്ള കാലാവധിയും പ്ലാനിൽ തീർച്ചപ്പെടുത്തിയിട്ടുണ്ട്. ബജറ്റിൽ ഉൾപ്പെടുത്തിയ തുക അപര്യാപ്തമായതിനാൽ മറ്റ് ധനസ്രോതസ്സുകളിൽ നിന്ന് തുക കണ്ടെത്തി വരുന്നു.</td></tr>
<tr><td>(സി)</td><td>വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് നിലവിൽ എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ള തെന്നറിയിക്കാമോ;</td><td>(സി)</td><td>വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് 2016 മുതൽ നാളിതുവരെ സ്റ്റേറ്റ് പ്ലാൻ, നബാർഡ്, കിഫ്ബി, അമൃത് തുടങ്ങിയവയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .
<table>
<tr><th>നം</th><th>പദ്ധതി</th><th>2016-17 (ലക്ഷത്തിൽ)</th><th>2017-18 (ലക്ഷത്തിൽ)</th><th>2018-19 (ലക്ഷത്തിൽ)</th><th>2019-20 (ലക്ഷത്തിൽ)</th></tr>
<tr><td>1.</td><td>സ്റ്റേറ്റ് പ്ലാൻ</td><td>9458.69</td><td>20736.83</td><td>14748.85</td><td>9919.66</td></tr>
<tr><td>2</td><td>നബാർഡ്</td><td>4376</td><td>-</td><td>16552.00</td><td></td></tr>
<tr><td>3</td><td>കിഫ്ബി</td><td>29710.00</td><td></td><td>122026.40</td><td>70317.50</td></tr>
<tr><td>4</td><td>അമൃത്</td><td>23759.00</td><td>37257.00</td><td>-</td><td></td></tr>
<tr><td>5</td><td>നീതി ആയോഗ്</td><td>515.00</td><td>184.75</td><td>1200.00</td><td></td></tr>
<tr><td></td><td>ആകെ</td><td>67818.69</td><td>58178.58</td><td>154527.25</td><td>80237.00</td></tr>
</table></td></tr>
<tr><td>(ഡി)</td><td>ഇതിനായി നബാർഡ് എന്തെല്ലാം സഹായമാണ് നൽകുന്നതെന്നും നബാർഡിന്റെ അനുമതി ലഭിച്ച് ഉല്പാദന ഘടകങ്ങൾ പൂർത്തിയാക്കിയ പദ്ധതികളുടെ വിതരണ ശൃംഖല പൂർത്തീകരിക്കുന്നതിന് നടപ്പ സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ?</td><td>(ഡി)</td><td>2018-19-ൽ നബാർഡിൽ താഴെ പറയുന്ന പദ്ധതികൾക്ക് 165.52 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു.<br>1. തൃക്കോവിൽ വട്ടം നെടുമ്പന പഞ്ചായത്തുകളിലേക്കുള്ള വിതരണശൃംഖല സ്ഥാപിക്കൽ (ഫേസ് 2- പാർട്ട്-1) - 12.92 കോടി രൂപ<br>2. നെടുമ്പ്രം, നിരണം. കടപ്ര, പെരിങ്ങര കുടിവെള്ള പദ്ധതിയിൽ നിന്നും നിരണം. കടപ്ര പഞ്ചായത്തു കളിലേക്കുള്ള വിതരണശൃംഖല സ്ഥാപിക്കൽ - 20 കോടി രൂപ<br>3. എരുമേലി പഞ്ചായത്തിലെ സോൺ ഒന്നിലേക്കും നാലിലേക്കുമുള്ള വിതരണശൃംഖല സ്ഥാപിക്കൽ - 12.60 കോടി രൂപ</td></tr>
</table>

| | | | |
|---|---|---|---|
| | | | 4. സീതത്തോട് പഞ്ചായത്തിലേക്കും പെരുനാട് പഞ്ചായത്തിലെ നിലയ്ക്കൽ, പ്ലാപ്പള്ളി പ്രദേശത്തേക്കുള്ള കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടം. - 120 കോടി രൂപ<br>കൂടാതെ നടപ്പ് സാമ്പത്തിക വർഷം നബാർഡ് പദ്ധതികൾക്കായി ബജറ്റിൽ 80 കോടി രൂപയും വകയിരുത്തിയിട്ടുണ്ട് . |

Renuka Sankar
സെക്ഷൻ ഓഫീസർ